# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: ജാഫർ മലിക് IAS)

തിരുവനന്തപുരം
തീയതി: 6.7.2018.

ഉത്തരവ് നം.: G4-4488/18

വിഷയം: സാമൂഹ്യനീതി വകുപ്പ്- മാതാപിതാക്കളുടേയും മുതിർന്ന പൗരൻമാരുടേയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 - മെയിന്റനൻസ് ട്രൈബ്യൂണലുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നത് - ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച് -

പരാമർശം: 1. ഈ കാര്യാലയത്തിലെ 5.5.2018ലെ മേൽ നമ്പർ കത്ത്.
2. 19.6.2018ലെ സ.ഉ(സാധാ)നം.364/2018/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവ്.

മാതാപിതാക്കളുടേയും മുതിർന്ന പൗരൻമാരുടേയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് സാമൂഹ്യനീതി വകുപ്പ്. സംസ്ഥാനത്തെ 21 റവന്യൂ ഡിവിഷണൽ ഓഫീസുകളെ മെയിന്റനൻസ് ട്രൈബ്യൂണലുകളായി സർക്കാർ നോട്ടിഫൈ ചെയ്തിട്ടുണ്ടെങ്കിലും ടി ആക്ട് സംബന്ധിച്ച ഓഫീസ് പ്രവർത്തനം പരാതിയിൻമേലുള്ള ഹിയറിംഗ്, അദാലത്ത് എന്നിവ നിർവ്വഹിയ്ക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വകുപ്പുതലത്തിലോ സർക്കാർ തലത്തിലോ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നൽകിയിരുന്നില്ല. നിലവിൽ വയോജന സംരക്ഷണം നടപ്പാക്കുന്നതിന് ആ.ഡി.ഒ/ സബ് കളക്ടർമാരെ സഹായിയ്ക്കുന്നതിനായി 21 ടെക്നിക്കൽ അസിസ്റ്റന്റുമാരെ വകുപ്പുതലത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ വയോജന സംരക്ഷണ നിയമ പ്രകാരം ധാരാളം കേസുകൾ ഫയൽ ചെയ്യപ്പെടുന്നതായും പലയിടത്തും ആഴ്ചയിൽ രണ്ടു വീതം ഹിയറിംഗ് നടത്തേണ്ടി വരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്തരം ഹിയറിംഗുകൾക്ക് വന്നെത്തുന്ന വയോജനങ്ങൾക്ക് ആവശ്യമായ ഇരിപ്പട സൗകര്യങ്ങളോ, വെള്ളം, റിഫ്രഷ്മെന്റ് തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള ഫണ്ടോ ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് ആവശ്യമായ ഫർണിച്ചറോ ഭൂരിഭാഗം ട്രൈബ്യൂണലുകളിലും ഇല്ലാത്തതായി കാണുന്നു. മേൽ സാഹചര്യം കണക്കിലെടുത്ത് മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുന്നതിനുള്ള പദ്ധതി പരാമർശം ഒന്ന് പ്രകാരം സർക്കാരിന് സമർപ്പിയ്ക്കുകയും പ്രസ്തുത ആവശ്യകതകൾ പരിഹരിയ്ക്കുന്നതിനായി ഒരു ട്രൈബ്യൂണലിന് പരമാവധി 80,000/- രൂപ വീതം 21

dhi

ട്രൈബ്യൂണലുകൾക്കായി ആകെ 16,80,000/- രൂപ അനുവദിച്ചുകൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയോഗിച്ചിരിക്കുന്ന സംസ്ഥാനത്തെ 21 മെയിന്റനൻസ് ട്രൈബ്യൂണലുകളിലെ അടിസ്ഥാന സൗകര്യവികസനത്തിനായി പരാമർശം രണ്ട് പ്രകാരം സർക്കാർ അനുവദിച്ചിട്ടുള്ള 16,80,000/- രൂപ (പതിനാറ് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) ജില്ലാ ആഫീസർമാരുടെ പേരിൽ അനുവദിച്ച് ഉത്തരവാകുന്നു. ഓരോ ജില്ലാ ആഫീസർമാർക്കും അപ്രകാരം അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ലാ ആഫീസർ | | അനുവദിച്ച തുക |
|---|---|---|---|
| 1. | തിരുവനന്തപുരം | | 80,000/- |
| 2. | കൊല്ലം | | 80,000/- |
| 3. | പത്തനംതിട്ട | 80000x2 | 1,60,000/- |
| 4. | ആലപ്പുഴ | 80000x2 | 1,60,000/- |
| 5. | കോട്ടയം | 80000x2 | 1,60,000/- |
| 6. | ഇടുക്കി | 80000x2 | 1,60,000/- |
| 7. | എറണാകുളം | 80000x2 | 1,60,000/- |
| 8. | തൃശ്ശൂർ | | 80,000/- |
| 9. | പാലക്കാട് | 80000x2 | 1,60,000/- |
| 10. | മലപ്പുറം | 80000x2 | 1,60,000/- |
| 11. | കോഴിക്കോട് | | 80,000/- |
| 12. | വയനാട് | | 80,000/- |
| 13. | കണ്ണൂർ | | 80,000/- |
| 14. | കാസർഗോഡ് | | 80,000/- |
| | ആകെ | | **16,80,000/-** |

(പതിനാറ് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം)

ജില്ലാ ആഫീസർമാർ മേൽ ബന്ധപ്പെട്ട തുക മാറി ചിലവഴിയ്ക്കുമ്പോൾ ചുവടെ പറയുന്ന വ്യവസ്ഥകൾ പാലിയ്ക്കേണ്ടതാണ്.

1. അതാത് റവന്യൂ ഡിവിഷണൽ ആഫീസർമാരുമായി ബന്ധപ്പെട്ട് ഓരോ മെയിന്റനൻസ് ട്രൈബ്യൂണലിന്റേയും സൗകര്യങ്ങൾ കൂടി കണക്കിലെടുത്ത് ട്രൈബ്യൂണലിൽ പരാതിക്കാരായി എത്തുന്ന വയോജനങ്ങൾക്ക് ഇരിയ്ക്കുന്നതിന് ആവശ്യമായ കസേരകൾ, കൺസീലിയേഷൻ ഓഫീസർമാർക്ക് ആവശ്യമായ മേശ, കസേര, ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് പ്രവർത്തിയ്ക്കുന്നതിനാവശ്യമായ ഡ്രോയർ സൗകര്യത്തോടു കൂടിയ സ്റ്റീൽ മേശ, കസേര എന്നിവയിൽ അത്യാവശ്യം വേണ്ടതായ ഫർണിച്ചർ സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നോ (ഉദാ: സിഡ്കോ), ക്വട്ടേഷൻ / ടെൻഡർ വ്യവസ്ഥകൾ പാലിച്ചോ മെയിന്റനൻസ് ട്രൈബ്യൂണലുകൾക്ക് ലഭ്യമാക്കേണ്ടതാണ്.

dlx

2. ട്രൈബ്യൂണലുകളിൽ ഹിയറിംഗ് നടത്തുന്നതിനുള്ള വിവിധ ചെലവുകൾക്കായി എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും 5000/- രൂപ വീതം മുൻകൂറായി രേഖാമൂലം നൽകേണ്ടതും, ടി തുക ചിലവഴിച്ചതിന്റെ രസീത് / വൗച്ചറുകൾ RDO കാര്യാലയത്തിൽ നിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് രൂ.5000/- രൂപ കൂടി ജില്ലാ സാമൂഹ്യനീതി ഓഫീസർ RDOയുടെ കാര്യാലയത്തിന് അനുവദിക്കേണ്ടതും ബന്ധപ്പെട്ട ബിൽസ് / വൗച്ചേഴ്സ് സൂക്ഷിക്കേണ്ടതുമാണ്.
3. അപ്രകാരം ഒരു മെയിന്റനൻസ് ട്രൈബ്യൂണലിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി ഫർണിച്ചറും കുടുവെള്ളം സജ്ജീകരിക്കേണ്ടതിനുമായി പരമാവധി 70,000/- രൂപയും മറ്റ് ആവശ്യത്തിനായി പപരമാവധി 10,000/- രൂപയും ചെലവഴിയ്ക്കാവുന്നതാണ്.
4. ആവശ്യമായ ഫർണിച്ചർ, കുടിവെള്ളത്തിന്റെ സൗകര്യം എന്നിവ ലഭ്യമാക്കിയ വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
5. തുക ചിലവഴിച്ചത് സംബന്ധിച്ച വിവരം യഥാസമയം Plan Space-ൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

ഇതിനാവശ്യമായ തുക നടപ്പു സാമ്പത്തിക വർഷത്തെ 2235-60-200-83(P) ശീർഷകത്തിൽ നിന്നും വഹിയ്ക്കാവുന്നതാണ്.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

പകർപ്പ്:

1. എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും (ആമുഖ കത്ത് സഹിതം)
2. സൂപ്രണ്ട് 'എ' സെക്ഷൻ (അലോട്ട്മെന്റിനായി)
3. സീനിയർ ഫിനാൻസ് ഓഫീസർ
4. സൂപ്രണ്ട്, പ്ലാനിംഗ് സെൽ
5. ബന്ധപ്പെട്ട ട്രഷറി ഓഫീസർ
6. ഡയറക്ടറുടെ സി.എ
7. എല്ലാ ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും (RDO മുഖാന്തിരം)
8. സ്റ്റോക്ക് ഫയൽ/ സ്പെയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

dk